## ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രത്തിലെ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള

## വാക്ക് - ഇൻ - ഇന്റർവ്യൂ

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിലെ തലശ്ശേരി (ചൊക്ലി) പരിശീലന കേന്ദ്രത്തിൽ നിലവിൽ ഒഴിവുള്ള (ഒരു ഒഴിവ്) പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് (യോഗ്യത- യൂണിവേഴ്സിറ്റികൾ, ഗവൺമെന്റ്/ എയ്ഡഡ് കോളേജുകൾ എന്നിവിടങ്ങളിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകർ അല്ലെങ്കിൽ കാലാകാലങ്ങളിൽ യു.ജി.സി/എ.ഐ.സി.ടി.ഇ സംസ്ഥാന സർക്കാരുകൾ കോളേജ്/യൂണിവേഴ്സിറ്റി അദ്ധ്യാപക നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവർ, പ്രായപരിധി 25 വയസ്സ് പൂർത്തിയായവരും 67 വയസ്സ് പൂർത്തിയാകാത്തവരും) ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിൽ വച്ച് നടക്കുന്ന പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള യോഗ്യതയുള്ളവർ 12/10/2020 -ന് 10 മുതൽ 5 വരെയുള്ള സമയത്തിനുള്ളിൽ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താല്പര്യമാണെന്നുള്ള അറിയിപ്പും ബയോഡാറ്റയും director.mwd@gmail.com എന്ന മെയിലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു. 12/10/2020-ന് 10 മുതൽ 5 മണിവരെ അപ്‌ലോഡ് ചെയ്തവരെ മാത്രമെ ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുകയുള്ളൂ. പ്രസ്തുത സമയത്തിനുള്ളിൽ രജിസ്റ്റർ ചെയ്യുന്ന യോഗ്യതയുള്ളവർ മാത്രം തിരുവനന്തപുരം വികാസ് ഭവൻ നാലാം നിലയിലുള്ള ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ 13.10.2020-ന് ഉച്ചയ്ക്ക് ശേഷം 1 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഇന്റർവ്യൂവിന് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (www.minoritywelfare.kerala.gov.in).

ഡയറക്ടർ